"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും നിയമനാനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

G.O.(Rt)No.2220/2019/LSGD തീയതി,തിരുവനന്തപുരം, 10/10/2019

പരാമർശം:- 1 സ.ഉ(സാധാ)നം.1311/2018/തസ്വഭവ തീയതി 10.05.2018.

2 സ.ഉ(സാധാ)നം.3027/2018/തസ്വഭവ തീയതി 29.11.2018.

3 സ.ഉ(സാധാ)നം.1475/2019/തസ്വഭവ തീയതി 16.07.2019.

4 കൊച്ചി നഗരസഭ മേയറുടെ 21.06.2019 ലെ കത്ത്.

5 സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019 ലെ 4.26 ഇനം തീരുമാനം.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും, അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന്, ടി ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള അനുമതി, ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷത്തേക്കു മാത്രമാണെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. തുടർന്ന്, പ്രസ്തുത എഞ്ചിനീയർമാരുടെ താൽക്കാലിക സേവനത്തിനുള്ള അനുമതി, പരാമർശം (3) ഉത്തരവ് പ്രകാരം 30.09.2019 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കൊച്ചി കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ എൻവയോൺമെന്റൽ എഞ്ചിനീയറുടെ സേവനം കോർപ്പറേഷനിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടർന്നും ആവശ്യമായതിനാൽ ടിയാന്റെ താൽക്കാലിക നിയമനത്തിനുള്ള അനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് കൊച്ചി നഗരസഭാ മേയർ പരാമർ ശം (4) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. അതേസമയം, കൊല്ലം നഗരസഭയിലെ താൽക്കാലിക എൻവയോൺമെന്റൽ/സ്ട്രക്ചറൽ എഞ്ചിനീയർമാരുടെയും നിയമനാനുമതി ദീർഘിപ്പിക്കണമെന്ന അപേക്ഷയിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കുവാൻ സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം ( 5 ) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമിതരായ എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾക്ക്, ടി ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി 31.03.2020 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ്

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
3 ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.
4 എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )
5 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7 തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്
8 വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ